പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4088** — **18.10.2011 – ൽ മറുപടിക്ക്**

## താമരശ്ശേരി ചുരത്തിലെ ഹെയർപിൻ വളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. മോയിൻകുട്ടി** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കോഴിക്കോട് - വയനാട് റോഡിലെ താമരശ്ശേരി ചുരത്തിലെ എത്ര ഹെയർപിൻ വളവുകൾ വീതികൂട്ടി പരിഷ്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) മൂന്ന് ഹെയർ പിൻ വളവുകൾ വീതി കൂട്ടി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇനി എത്ര ഹെയർപിൻ വളവുകൾ കൂടി വീതികൂട്ടി പരിഷ്കരിക്കാനുണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ; | (ബി) ആറ് ഹെയർ പിൻ വളവുകൾ കൂടി വീതി കൂട്ടി പരിഷ്കരിക്കുവാനുണ്ട്. സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:-<br>1. നാഷണൽ ഹൈവേ വിഭാഗം താമരശ്ശേരി ചുരത്തിലെ ആറ് ഹെയർ പിൻ വളവുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ വിശദമായ ഇൻവെസ്റ്റിഗേഷൻ സർവ്വേ നടത്തി 0.98 ഹെക്ടർ വനഭൂമി വിട്ടുകിട്ടാനായി കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 24.08.2011 -ന് വിശദമായ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>2. ഈ ആറ് വളവുകൾ സംരക്ഷണ ഭിത്തി കെട്ടി വീതികൂട്ടി സംരക്ഷിക്കേണ്ടതിലേയ്ക്കായി 34.5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ആഫീസിൽ തയ്യാറാക്കിവരുന്നു. |

| | | | |
|---|---|---|---|
| (സി) | ചുരത്തിലുണ്ടാകുന്ന ഗതാഗതക്കുരുക്കിനെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഹെയർപിൻ വളവുകളിൽ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് തീരുമാനിച്ചത് എന്ന് വെളിപ്പെടുത്തുമോ; | (സി) | ഹെയർ പിൻ വളവുകൾ സംരക്ഷണ ഭിത്തി കെട്ടി പൊക്കി വീതികൂട്ടി കോൺക്രീറ്റ് ഇന്റർ ലോക്കിംഗ് കട്ടകൾ പാകി 2, 4 വളവുകൾ പരിഷ്കരിച്ചതുപോലെ പരിഷ്കരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ഡി) | ഈ ആറ് വളവുകൾ സംരക്ഷണ ഭിത്തി കെട്ടി വീതികൂട്ടി സംരക്ഷിക്കേണ്ടതിലേയ്ക്കായി 34.5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ആഫീസിൽ തയ്യാറാക്കി വരുന്നു. |
| (ഇ) | ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഇനി ഏതിനൊക്കെ നൽകാനുണ്ടെന്നും അറിയിക്കാമോ; | (ഇ) | ഭരണാനുമതി നൽകിയിട്ടില്ല. |
| (എഫ്) | ചുരം റോഡിന്റെ വീതി കൂട്ടലിന് ഫോറസ്റ്റ് ലാൻഡ് വിട്ടുകിട്ടാൻ സ്വീകരിച്ച നടപടികളും പുരോഗതിയും വ്യക്തമാക്കാമോ? | (എഫ്) | നാഷണൽ ഹൈവേ വിഭാഗം താമരശ്ശേരി ചുരത്തിലെ ആറ് ഹെയർ പിൻ വളവുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ വിശദമായ ഇൻവെസ്റ്റിഗേഷൻ സർവ്വേ നടത്തി 0.98 ഹെക്ടർ വനഭൂമി വിട്ടുകിട്ടാനായി കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 24.08.2011 -ന് വിശദമായ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**